**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 143** **01-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ഓഫീസുകളിലെ അഴിമതി മുൻകൂട്ടി കണ്ട് തടയുന്നതിന്റെ ഭാഗമായി മിന്നൽ പരിശോധനകളും ട്രാപ് കേസുകളും ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സർക്കാർ ഓഫീസുകളിലെ അഴിമതി മുൻകൂട്ടി കണ്ട് തടയുന്നതിന്റെ ഭാഗമായി വളരെ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി അഴിമതിക്കും കൈക്കൂലിക്കുമെതിരെ മിന്നൽ പരിശോധനകൾ നടത്തുന്നതിനും ട്രാപ് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഇത്തരത്തിൽ നടത്തുന്ന മിന്നൽ പരിശോധന/ ട്രാപ്പുകളിൽ നിന്നും ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദേശം നൽകുന്നുണ്ട്. മുൻ വർഷങ്ങളിൽ നടത്തിയിട്ടുള്ള മിന്നൽ പരിശോധനകളുടെയും ട്രാപ്പുകളുടെയും ഒരു താരതമ്യ പഠനം നടത്തിയതിൽ കഴിഞ്ഞ വർഷം ഇക്കാര്യത്തിൽ സർവകാല നേട്ടം കൈവരിച്ചിട്ടുണ്ട്. 1715 മിന്നൽ പരിശോധനകളും 47 രാപ്പുകളുമാണ് വിജിലൻസ് നടത്തിയത്. |
| (ബി) | നടപടികളുടെ ഭാഗമായി വിജിലൻസ് അന്വേഷണങ്ങൾ, ട്രൈബ്യൂണൽ എൻക്വയറികൾ എന്നിവയ്ക്ക് ആരംഭം കുറിച്ചിട്ടുണ്ടോ; | (ബി) | മിന്നൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലും മറ്റ് പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും 140 വിജിലൻസ് അന്വേഷണങ്ങളും 35 ട്രൈബ്യൂണൽ എൻക്വയറികളും ആരംഭിച്ചിട്ടുണ്ട്. |
| (സി) | അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | വിശദാംശം ലഭ്യമാക്കാമോ? | | സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇന്റേണൽ-വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന അവസരങ്ങളിൽ ആയത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിക്കേണ്ടതാണെങ്കിൽ അന്വേഷണം വിജിലൻസിലേക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇതിലുപരിയായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നുമുള്ള അന്വേഷണം ആവശ്യമില്ലാത്ത ഘട്ടങ്ങളിൽ പ്രസ്തുത അന്വേഷണം ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന തന്നെ നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളിൽ കണ്ടെത്തുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ഗുരുതരമായ ക്രമക്കേടുകളിന്മേൽ അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു തുടരന്വേഷണം നടത്തുന്നു. അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരാത്ത ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അനുയോജ്യമായ ശിക്ഷണ നടപടികൾ ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന സർക്കാർ തലത്തിൽ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ